കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകളിലെ അറവുശാല നിർമ്മാണം - 2012-13 - ലെ വാർഷിക പദ്ധതി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ (സാധാ)നം: 1561/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി: 07/6/2012**

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 18/4/11-ലെ ജെ5-19995/11 നമ്പർ കത്ത്.

2. 27/4/11-ലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്.

## ഉത്തരവ്

2012-13 വർഷത്തിൽ അറവുശാല നിർമ്മാണത്തിനായി മുൻഗണന നിശ്ചയിച്ച് 25 ഗ്രാമപഞ്ചായത്തുകൾക്ക് 20 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

2. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഗ്രാമപഞ്ചായത്തുകളിലെ അറവുശാല നിർമ്മാണത്തിനായി "2515-00-800-92" എന്ന ചെലവു ശീർഷകത്തിൽ 500/- ലക്ഷം (അഞ്ഞൂറ് ലക്ഷം ) രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം നൽകുന്നതിന് 27/4/12-ൽ ചേർന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് യോഗം വിശദമായി ചർച്ച ചെയ്ത് അംഗീകാരം നൽകിയിട്ടുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുൻഗണന നിശ്ചയിച്ച് തെരഞ്ഞെടുക്കപ്പെട്ട 25 ഗ്രാമപഞ്ചായത്തുകളിൽ 2012-13 വാർഷിക പദ്ധതിയിൻ കീഴിൽ അറവുശാല നിർമ്മിക്കുന്നതിന് ഓരോ പഞ്ചായത്തിനും 20 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന്, ഇതിനായി വേണ്ടി വരുന്ന അധിക വിഭവം അതത് ഗ്രാമപഞ്ചായത്തുകൾ കണ്ടെത്തണമെന്നും കൂടാതെ പ്രസ്തുത ആവശ്യത്തിലേയ്ക്കായി സ്ഥലം ഏറ്റെടുത്തതിന് ശേഷം മാത്രമേ തുക കൈമാറൂ എന്നുമുള്ള വ്യവസ്ഥകൾക്ക് വിധേയമായി "2515-00-800-92" എന്ന ചെലവു ശീർഷകത്തിൽ നിന്നും 500 ലക്ഷം രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ജെയിംസ് വർഗ്ഗീസ്**

ഗവ. പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ) തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (LBA&A), തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

ധനകാര്യ (പ്ലാനിംഗ്) വകുപ്പ്

ധനകാര്യ (ഡെവലപ്മെന്റ് ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.